പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 5866

09.07.2012- ലെ
മറുപടിക്ക്

## കയർമേഖലയിലെ 2011-12-ലെ ബഡ്ജറ്റ് വിഹിതം

| ചോദ്യം<br><br>ശ്രീ. എ. കെ. ബാലൻ | ഉത്തരം<br><br>ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കയർ മേഖലയിലെ 2011-12-ലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിക്കാൻ കഴിയാതെ വന്നിട്ടുണ്ടെങ്കിൽ ഏതെല്ലാം മേഖലകളിലാണ് ചെലവഴിക്കാൻ കഴിയാതിരുന്നതെന്ന് വിശദമാക്കുമോ; വിവരങ്ങൾ ലഭ്യമാക്കുമോ ; | (എ) 2011-12 വർഷം കേന്ദ്രവിഹിതം 300 ലക്ഷം രൂപ ഉൾപ്പെടെ ആകെ 900,501,000/- ലക്ഷം രൂപയായിരുന്നു പദ്ധതി വിഹിതം. ഇതിൽ 899,749,884/- ലക്ഷം രൂപ ചെലവഴിച്ചു (99.92 %). വ്യവസായ സംരംഭകർക്കുള്ള മാർജിൻമണി ലോൺ ഇനത്തിൽ ആകെ 10 ലക്ഷം രൂപയായിരുന്നു 2011-12 ൽ വകയിരുത്തിയിരുന്നത്. അതിൽ 2.5 ലക്ഷം രൂപ ചെലവഴിച്ചു. മതിയായ അപേക്ഷകർ ഇല്ലാതിരുന്നതുകാരണം ബാക്കി 7.5 ലക്ഷം രൂപ വിനിയോഗിക്കാൻ കഴിഞ്ഞില്ല. കയർ ഗ്രാമം പദ്ധതിയുമായി ബന്ധപ്പെട്ട് സ്ഥലം കണ്ടെത്താനുള്ള നടപടി സ്വീകരിച്ചു വരികയാണ്. അതിനാൽ അതിനായി വകയിരുത്തിയ ടോക്കൺ പ്രൊവിഷനായ 1000/- രൂപയും വിനിയോഗിക്കാൻ കഴിഞ്ഞില്ല. |
| (ബി)ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിക്കാൻ കഴിയാതിരുന്നിട്ടുണ്ടെങ്കിൽ ആയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ? | (ബി) മാർ ജിൻമണി ലോൺ ചെലവഴിക്കാത്തത് ലോണിന് അപേക്ഷകർ ഇല്ലാതിരുന്നതു മൂലമാണ്. കയർ ഗ്രാമ പദ്ധതി നടപ്പിലാക്കാത്തത് സ്ഥലം ലഭ്യമായിട്ടില്ലാ എന്നതിനാലാണ്. |

സെക്ഷൻ ഓഫീസർ